# ഗ്രീൻ കേരള എക്സ്പ്രസിന്റെ ഈണമായി 'ഹരിത ഗീതം'

തദ്ദേശ സ്വയംഭരണ വകുപ്പും, ശുചിത്വമിഷനും, സി-ഡിറ്റും ദൂരദർശനും ചേർന്ന് ഒരുക്കുന്ന ഇന്ത്യൻ ടെലിവിഷൻ ചരിത്രത്തിലെ ആദ്യ സോഷ്യൽ റിയാലിറ്റി ഷോ- ഗ്രീൻ കേരള എക്സ്പ്രസിന് ഇമ്പമേറിയ ഹരിത ഗീതത്തിന്റെ മേമ്പൊടി. റഫീക്ക് അഹമ്മദ് രചന നിർവഹിച്ച ഹരിത ഗീതത്തിന് സംഗീതം നൽകിയിരിക്കുന്നത് ഡോ. ശ്രീവത്സൻ ജെ മേനോനാണ്.

'ഇതു ഭൂമി ഒരേയൊരു ജീവകലാവേദി'... എന്ന് തുടങ്ങുന്ന മനോഹരമായ ഈ ഗാനം പ്രകൃതിയുടെ പച്ചപ്പും നന്മയും വിളിച്ചോതുന്നതോടൊപ്പം, ഭൂമിയോട് മനുഷ്യന്റെ അവഗണന അരുതെന്നും ഓർമ്മിപ്പിക്കുന്നു. പ്രദീപ് സോമസുന്ദരം, അമൽ ആന്റണി, മീര രാം മോഹൻ എന്നിവരുടെ സ്വരമാധുരി ഹരിത ഗീതത്തെ വ്യത്യസ്തമാക്കുന്നു. വില്ല്യമാണ് ഓർക്കസ്ട്രേഷൻ.

യോജിച്ച ദൃശ്യാവിഷ്ക്കരണം നൽകി പ്രേക്ഷക മനസ്സിൽ ഹരിത ഗീതത്തിനെ കുടിയിരുത്തിയതിന് പിന്നിൽ പ്രവർത്തിച്ചത് രമേഷ് വിക്രമനാണ്. രാജീവ് വിജയാണ് ഛായാഗ്രഹണം നിർവഹിച്ചിരിക്കുന്നത്.

മാർച്ച് ഒന്നാം തീയതി രാത്രി 8.30-ന് ആരംഭിച്ച ഗ്രീൻ കേരള എക്സ്പ്രസിൽ ഒട്ടേറെ ശ്രദ്ധ പിടിച്ചുപറ്റിയ ഒന്നായിരുന്നു ഹരിതഗീതമെന്ന് അടുത്ത ദിവസങ്ങളിലെ പ്രതികരണങ്ങൾ സൂചിപ്പിക്കുന്നു. സോഷ്യൽ റിയാലിറ്റി ഷോയുടെ തുടക്കം ഗംഭീരമാക്കാൻ ഹരിത ഗീതത്തിന് കഴിഞ്ഞുവെന്ന് നിസ്സംശയം തന്നെ പറയാം.

അജിത്ത് അരവിന്ദൻ